ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ അംഗൻവാടികൾ അനുവദിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കുന്ദമംഗലം മണ്ഡലത്തിൽ ഇപ്പോൾ പുതുതായി അംഗൻവാടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കേന്ദ്രസർക്കാർ അനുവദിച്ച അംഗൻവാടികളുടെ എണ്ണത്തിൽ ഇനിയും തുടങ്ങുവാനുള്ളവ ആവശ്യം അനുസരിച്ച് പുനർനിർണ്ണയം നടത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ. റ്റി. മേഖലയിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ

34[4910] ശ്രീ. തോമസ് ചാഴികാടൻ:

„ കെ. നാരായണകുറുപ്പ്:

„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത രണ്ടര വർഷം ഐ.റ്റി. മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ബി) എത്ര കോടി രൂപ ഈ മേഖലയിൽ മുടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും സ്വകാര്യകമ്പനികളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) അടുത്ത രണ്ടര വർഷത്തിനുള്ളിൽ കേരളത്തെ ഒരു മുൻനിര ഐ.റ്റി. സംസ്ഥാനമാക്കിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ വികസനം കൊച്ചിയിൽ പുതിയ ഐ.ടി. കെട്ടിടങ്ങൾ സ്ഥാപിക്കൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഐ. ടി. എനേബിൾഡ് സർവ്വീസസിന് ആവശ്യമായ മാനവശേഷി ലഭ്യമാക്കുന്നതിനുള്ള ട്രെയിനിംഗ് സ്ഥാപനങ്ങളെ അംഗീകരിച്ച് കൊണ്ട് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. മലപ്പുറം ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന അക്ഷയ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുക, ഇ-ഗവേണൻസ് സംവിധാനം ത്വരിതപ്പെടുത്തുക എന്നിവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽപ്പെടുന്നു. കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന ഐ. ടി. പാർക്കിൽ ആദ്യഘട്ടമായി 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഒരു കെട്ടിടവും മറ്റ് അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്. ടെക്നോ പാർക്ക് മുതൽ ആക്കുളം വരെയുള്ള (കഴക്കൂട്ടം-കോവളം ബൈപാസ് റോഡ്) ഐ.ടി. കോറിഡോർ പദ്ധതിയുടെ ഭാഗമായി ഏകദേശം 270 ഏക്കർ ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന രണ്ട് പദ്ധതികളും ധാരണാപത്രം ഒപ്പിട്ടിരിക്കുന്ന മറ്റ് രണ്ട് പദ്ധതികളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കിൻഫ്രായുടെ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിക്കുന്ന ഐ.ടി. പാർക്കിന്റെ വികസനത്തിന് ഏകദേശം 30 കോടി രൂപയാണ് മുതൽമുടക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ഐ.ടി. മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് 50 കോടി രൂപയും മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു.

(സി) കിൻഫ്രായുടെ ആഭിമുഖ്യത്തിലുള്ള ഐ.ടി. പാർക്കിന്റെ വികസനത്തിനായി സ്വകാര്യമേഖലയിലെ ഒരു കമ്പനിയുമായി ധാരണയിൽ എത്തിയെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങൾ മുമ്പോട്ട് പോകാത്തതിനാൽ സർക്കാർ തലത്തിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ഐ.ഡി.സി. സംരംഭങ്ങൾ എല്ലാംതന്നെ സ്വകാര്യമേഖലയിലുള്ളതും ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുള്ളതുമാണ്. പ്രസ്തുത സംരംഭങ്ങൾ താഴെപറയുന്നവയാണ്:

1. ജി & എ മൾട്ടിമീഡിയ പ്രൈ. ലി.
2. സോഫ്റ്റ് സിസ്റ്റംസ് പ്രൈ. ലി.
3. ടെക്നോളജി പാർക്ക്—കൊച്ചിൻ ഷിപ്പ്യാർഡ്
4. സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ് പ്രോജക്ട്—ഡൈമെൻഷൻ സൈബർ ടെക് ഇന്ത്യാ പ്രൈ. ലി.

പേർസണൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സൗജന്യം

35[4911] ശ്രീ. ഇ. എം. അഗസ്തി:
,, ഡൊമിനിക് പ്രസന്റേഷൻ:
,, ജോർജ്ജ് ജെ. മാത്യു:
,, എ. പി. അനിൽകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേർസണൽ കമ്പ്യൂട്ടർ വാങ്ങുന്ന കാര്യത്തിൽ എന്തെങ്കിലും സൗജന്യം ഗവൺമെന്റിൽ നിന്ന് നൽകുകയോ സൗജന്യം നൽകുവാൻ കമ്പ്യൂട്ടർ വ്യാപാരികളെ പ്രേരിപ്പിക്കുകയോ ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly